**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4214 — 25.06.2014 ൽ മറുപടിക്ക്.

**അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കും രേഖകളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) അന്യ സംസ്ഥാനതൊഴിലാളികളുടെ കൃത്യമായ കണക്കും രേഖകളും തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമാണോ; | (എ) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ സർവേയിൽ 25 ലക്ഷത്തിൽപരം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവരിൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 42,353 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കേരളത്തിലെ ജനസംഖ്യയുടെ ഘടനയെ അന്യ സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം അട്ടിമറിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) & (സി) മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ തേടി സ്വദേശത്തുനിന്നും രാജ്യത്തെവിടെയും സഞ്ചരിക്കുന്നതിനും, തൊഴിൽ ചെയ്ത് ജീവിക്കുന്നതിനും ഇന്ത്യൻ പൗരന് ഭരണഘടനയിൽ അധിഷ്ഠിതമായ അവകാശം ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം മൂലം കേരളത്തിലെ ജനസംഖ്യയുടെ ഘടന അട്ടിമറിക്കുന്ന സാഹചര്യം കാണുന്നില്ല. |

സെക്ഷൻ ആഫീസർ.